**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1281** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ബസാർ റോഡ് നവീകരണം, മുട്ടികുളങ്ങര - കല്ലംപറമ്പ് - ധോണി റോഡ് നവീകരണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, സാങ്കേതികാനുമതി നൽകിയ തുക, സാങ്കേതികാനുമതി നൽകിയ തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡ് നവീകരണം എന്ന പ്രവൃത്തിയ്ക്കായി 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 09/11/2018 തീയതിയിൽ 20.27 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. തുടർന്ന് 22/10/2022-ലെ ഉത്തരവ് പ്രകാരം 25.445 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി. സാങ്കേതിക അനുമതി തുക സാമ്പത്തിക അനുമതി തുകയെക്കാൾ കൂടുതൽ ആയതിനാൽ പുതുക്കിയ സാമ്പത്തിക അനുമതിക്കായി റിവിഷൻ ഫയൽ കിഫ്ബിയിൽ സമർപ്പിക്കുകയും പുതുക്കിയ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്ന ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.<br><br>റെയിൽവേ കോളനി, ധോണി, മുട്ടികുളങ്ങര റോഡ് നവീകരണത്തിനായി 01/11/2016 തീയതിയിൽ 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകി. 09/11/2018 തീയതിയിൽ 12.66 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി FDR ടെക്നോളജി ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡ് പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 27.94 കോടി രൂപയുടെ FDR-ൽ ഉള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിയെക്കാളും കൂടുതൽ ആയതിനാൽ പുതുക്കിയ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. KIIFB TRC-യുടെ മേൽനോട്ടത്തിൽ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി സാമ്പത്തികാനുമതിയ്ക്കായി പുനഃ സമർപ്പിക്കുവാൻ കിഫ്ബിയിൽ നിന്ന് നിർദ്ദേശം ലഭ്യമാകുകയും ആയതിന്മേൽ നടപടി ക്രമങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പുതുക്കിയ സാമ്പത്തിക അനുമതി |

| | | | |
|---|---|---|---|
| | | | ലഭിച്ചതിനുശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നവീകരണ പ്രവർത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.<br><br>നിരത്ത് വിഭാഗത്തിന് കീഴിലുള്ള നവീകരണ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No | Name of Work | AS Amount | TS No. date and Amount | Present Status |
|---|---|---|---|---|
| 1 | Improvements to Muttikulangara Kallamparambu Dhoni road BM & BC Km 0/00 to 3/660 | 336 Lakhs | 1365/2017-18 dated 28/07/2017 for Rs.336 Lakhs | Work completed |
| 2 | Budget 2017-18 Improvements to Kanjikkode Bazar road Km.194/350/195/600 | 50 Lakhs | 1793/2018-19 dated19/07/2018 for Rs.50 Lakhs | Work completed |
| 3. | Budget work 2018-19 BM & BC to Kanjikkode Bazar road Km 193/275 to 194/350 | 100 lakhs | 322/2020-21 dated 27/04/2020 for Rs.100 Lakhs | Work completed |
| 4. | BC Overlay and providing drainage facilities to Kanjikkode Bazar road | 80 Lakhs | 1013/2023-24 dated 24/04/2023 for Rs.80 Lakhs | Site handed over on 07/07/2023 and work in progress |